# പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 5136**

**06.02.2014 -ലെ മറുപടിക്ക്**

## കണ്ണൂർക്കാരൻ ശ്രീ. കെ. നാരായണനെ തട്ടികൊണ്ടുപോയി മർദ്ദിച്ചെന്ന പരാതി

| ചോദ്യം<br>ശ്രീ. കെ.കെ. നാരായണൻ | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
|---|---|
| (എ) കണ്ണൂരിലെ സിവിൽ എഞ്ചിനീയറിംഗ് കൺസൾട്ടന്റ് ശ്രീ. കെ. നാരായണനെ ക്വട്ടേഷൻ സംഘം തട്ടികൊണ്ടുപോയി ക്രൂരമായി മർദ്ദിച്ചതുമായി ബന്ധപ്പെട്ട് പോലീസിൽ പരാതി ലഭിച്ചിട്ടുണ്ടോ; | (എ) പരാതി ലഭിച്ചിട്ടുണ്ട്. എന്നാൽ ടി പരാതിയിൽ ക്വട്ടേഷൻ സംഘം തട്ടിക്കൊണ്ടുപോയി എന്നു പരാമർശിച്ചിട്ടില്ല. |
| (ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ; | (ബി) 2013 ആഗസ്റ്റ് മാസം 6-ാം തീയതി എളയാവൂർ അംശം താഴെചൊവ്വ എന്ന സ്ഥലത്തുവച്ച് കണ്ണൂരിലെ സിവിൽ എഞ്ചിനീയറിംഗ് കൺസൾട്ടന്റ് കെ. നാരായണൻ എന്നയാളെ പ്രതികളായ രാജേഷ് ദാസ്, രജിൽ ദാസ്, ദീപകുമാർ, സൂര്യദാസ്, ശ്യാം സുന്ദർ, മുനീർ, ഗോവിന്ദൻകുട്ടിവക്കീൽ, വിനോദ്, കൃത്രിമ കൈയുള്ള ഒരാൾ, അപരിചിതനായ ഒരാൾ എന്നിവർ ഒരു വാനിൽ തട്ടിക്കൊണ്ടുപോയി കൈ കൊണ്ടിടിച്ചും കാലുകൊണ്ടു ചവിട്ടിയും ദേഹോപദ്രവമേൽപ്പിച്ച് കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയും മോചന ദ്രവ്യമായി 35160 (മുപ്പത്തി അയ്യായിരത്തി ഒരുനൂറ്റി അറുപത്) രൂപയും, വാച്ചും, വിവാഹ മോതിരവും തട്ടിയെടുക്കുകയും കൂടാതെ ടിയാന്റെ പേരിലുള്ള 14 സെന്റ് സ്ഥലം മറ്റൊരാളുടെ പേരിൽ നിർബന്ധിച്ച് രജിസ്റ്റർ ചെയ്യിപ്പിച്ചും തടങ്കലിൽ പാർപ്പിച്ചും 23.09.2013-ാം തീയതി കണ്ണൂർ യോഗശാല എന്ന സ്ഥലത്ത് റോഡിൽ ഇറക്കിവിട്ടു എന്നും മറ്റുമാണ് പരാതിയിൽ പറഞ്ഞിരിക്കുന്നത്. |
| (സി) ഈ പരാതിയിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്? | (സി) ഇതു സംബന്ധിച്ച് കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽ 13.10.2013-ാം തീയതി ക്രൈം നമ്പർ 1596/13 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ